87 (1313) കായംകുളം മണ്ഡലത്തിലെ പട്ടയ വിതരണം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ വിതരണം ചെയ്യേണ്ട പട്ടയങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) പട്ടയ വിതരണത്തിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തന്നെ പങ്കെടുക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി)&(സി) ഉടനെ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

88 (1314) കൈവശ കൃഷിക്കാർക്ക് പട്ടയം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനി വില്ലേജിൽ മിച്ചഭൂമിയിൽ താമസിച്ചു വരുന്ന കൈവശ കൃഷിക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ റവന്യൂ വകുപ്പ് അധികൃതർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദ വിവരം അറിയിക്കുമോ?

ഉത്തരം

(എ),(ബി)&(സി) പ്രസ്തുത മിച്ചഭൂമിയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. സീലിംഗ് കേസുകളിലെ പുനഃപരിശോധനാധികാരം സംസ്ഥാന ലാന്റ് ബോർഡിന് കൂടി ബാധകമാക്കിക്കൊണ്ട് കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തിയാൽ മാത്രമേ ഈ വിഷയത്തിൽ പൂർണ്ണമായ പരിഹാരം ലഭ്യമാവുകയുള്ളൂ. പ്രസ്തുത ഭേദഗതി കൊണ്ടു വരുന്നതോടൊപ്പം കൈവശത്തിന്റെ സ്വഭാവം, കുടിയായ്മയും, ഭൂമി പതിവും സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്നിവ കൂടി കണക്കിലെടുത്ത് മാത്രമേ ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ സാദ്ധ്യമാകുകയുള്ളൂ. പ്രസ്തുത ഭേദഗതി നിർദ്ദേശമടക്കം, മേൽപ്പറഞ്ഞ പ്രശ്നത്തിന്റെ നിയമ വശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.

89 (1315) സ്യൂട്ട് സെല്ലുകൾ

ശ്രീ. പി. രാജു :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :

ശ്രീമതി ആർ. ലതാദേവി :

ശ്രീ കെ.പി. രാജേന്ദ്രൻ :

ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly